സോളാർ എനർജി പദ്ധതി

185(455) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സോളാർ എനർജി പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

നിലവിൽ സോളാർ എനർജി പദ്ധതിയുടെ ആകെ സ്ഥാപിതശേഷി 298.9105 മെഗാവാട്ടാണ്. കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1	കെ.എസ്.ഇ.ബി. -യുടെ കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിച്ചിട്ടുള്ളവ	6.66 MW
2	ഫ്ലോട്ടിംഗ് സോളാർ, ബാണാസുരസാഗർ	0.01 MW
3	ഫ്ലോട്ടിംഗ് സോളാർ, ബാണാസുരസാഗർ/കക്കയം ഗ്രിഡ് കണക്ട്	0.5 MW
4	കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളവ	10.75 MW
5	ഗവൺമെന്റ് കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിച്ചിട്ടുള്ളവ	2.5045 MW
6	ഗ്രിഡ് ബന്ധിത കൺസ്യൂമേഴ്സ് (ഏപ്രിൽ 2021 വരെ)	130.651 MW
7	സിയാൽ	39.44 MW
8	അനർട്ട്, കഴൽമന്ദം	2 MW
9	ഹിൻഡാൽക്കോ	1 MW
10	അമ്പലത്തറ സോളാർ പാർക്ക്	50 MW
11	കെ.എം.ആർ.എൽ.	5.395 MW
12	പൈവേളിക	50 MW
	ആകെ	298.9105 MW

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെ.എസ്.ഇ.ബി. -യുടെ സൗരോർജ്ജ പദ്ധതികൾ

1. അഗളി, ബ്രഹ്മപുരം, കഞ്ചിക്കോട് - 8 MW ജൂൺ 2021 -ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

2. ഏറ്റുമാനൂർ - 1 MW 31-12-2021 -ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

3. നെന്മാറ - 1.5 MW 31-12-2021 -ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

ആകെ = 10.5MW.

കെ.എസ്.ഇ.ബി.എൽ. വഴി നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന ഗവൺമെന്റിന്റെ സൗരോർജ്ജ പദ്ധതികൾ

ആകെ = 4.217 MW.

പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ

186(456) ശ്രീ. പി. അബ്ദുൽ ഹമീദ് മാസ്റ്റർ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുകവഴി വൈദ്യുതി ഉത്പാദനം എത്രത്തോളം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം, വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് വീടുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം.

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാരിൽനിന്ന് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2019-20 വർഷത്തേയ്ക്ക് 50 MW -ഉം 2020-21 വർഷത്തേയ്ക്ക് 200 MW -ഉം സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രനവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ.-ന് അനുമതി നൽകി. ഇതിന്റെ ഭാഗമായി 1 മുതൽ 3 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 KW ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ മൂന്ന് KW -ന് 40% തുടർന്ന് 20% സബ്സിഡി എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത്.

(സി) പ്രസ്തുത പദ്ധതി കൂടുതൽ ആകർഷകമാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly